A

GI 702

# പാദവാർഷിക മൂല്യനിർണയം 2017–18

മലയാളം
കേരളപാഠാവലി

സ്റ്റാൻഡേർഡ്–7 | സമയം –2 മണിക്കൂർ

## അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് 15 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കട്ടെ.
2. **ആറു** പ്രവർത്തനങ്ങളാണ് മൂല്യനിർണയത്തിനായി നൽകിയിട്ടുള്ളത്.
3. അവയിൽ ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
4. ഒരു പ്രവർത്തനത്തിന് അഞ്ച് പോയിന്റ്. (വസ്തുനിഷ്ഠ ചോദ്യങ്ങളുൾപ്പെടെ) ആകെ 25 പോയിന്റ്.
5. ഓരോ പ്രവർത്തനത്തിനും ലഭിക്കുന്ന 5, 4, 3, 2, 1 പോയിന്റ് പരിഗണിച്ച് യഥാക്രമം **a, b, c, d, e** ഗ്രേഡുകൾ നൽകേണ്ടതാണ്.
6. ഉത്തരക്കടലാസിൽ ഗ്രേഡാണ് രേഖപ്പെടുത്തേണ്ടത്.
7. ഓരോ പ്രവർത്തനത്തിനും ലഭിച്ച ഗ്രേഡുകൾ പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് A, B, C, D, E നൽകണം.

---

**1 എ. വിശകലനക്കുറിപ്പ്**

- 'അളകനന്ദയിലെ വെള്ളാരങ്കല്ലുകൾ' എന്ന പാഠഭാഗത്തിലെ ആശയം ഗ്രഹിച്ച് എഴുതിയിട്ടുണ്ട്. 1
- കൃതിയെ ആഴത്തിൽ വായിച്ച് ഒളിഞ്ഞിരിക്കുന്ന ആശയങ്ങൾ /വസ്തുതകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. 1
- കണ്ടെത്തിയ ആശയങ്ങൾ /വസ്തുതകൾ തന്റേതായ നിരീക്ഷണങ്ങൾ കൂട്ടിച്ചേർത്ത് പങ്കുവയ്ക്കുന്നു. 2

**1 ബി.** നാട്ടിൽ കൂലി കുറവായതുകൊണ്ട് 1

**2 എ. ആസ്വാദനക്കുറിപ്പ് (സ്കോർ – 5)**

- സംക്രമം എന്ന കവിതയിലെ പ്രധാന ആശയങ്ങൾ സ്വാംശീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 1
- കവിതയിലെ ഭാഷാപരമായ ഗുണങ്ങൾ (സൗന്ദര്യാംശം, ശൈലി, കവികൽപ്പന, പ്രായോഗികത, ഭംഗി, ഔചിത്യം, വർണന) കണ്ടെത്തിയിട്ടുണ്ട്. 1
- സ്വന്തം നിരീക്ഷണങ്ങൾ, കവിതയുടെ സാമൂഹിക പ്രസക്തി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. 1
- സർഗാത്മകമായ ഭാഷയിൽ ആസ്വാദനക്കുറിപ്പ് എഴുതിയിട്ടുണ്ട്. 1

**2 ബി.** വിഷു, കാലം, എത്തി 1

**പ്രവർത്തനം - 3 ഉപന്യാസ രചന**

എ.

- ശ്രീനാരായണഗുരു, ഗാന്ധിജി, എന്നിവരുടെ ജീവിതവുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ പാഠഭാഗത്തിൽ നിന്നും കണ്ടെത്തി എഴുതിയിട്ടുണ്ട്. 1
- ലഭിച്ച ആശയങ്ങളെ പഠനവിധേയമാക്കുകയും വിശകലനം ചെയ്ത് സ്വന്തം കാഴ്ചപ്പാട് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1
- വസ്തുനിഷ്ഠവും സ്വയംവിശദീകരണക്ഷമവുമായ ഭാഷ ഉപയോഗിച്ചിട്ടുണ്ട്. 1
- ഉപന്യാസത്തിന്റെ ഘടന (തലക്കെട്ട്, ആമുഖം, ആശയങ്ങളുടെ ഖണ്ഡികാകരണം, ഉപസംഹാരം..) എന്നിവ പാലിച്ചിട്ടുണ്ട്. 1

**ബി.** നിറഞ്ഞ അറിവുള്ളവർ ഉചിതമായേ പ്രതികരിക്കൂ. 1

**പ്രവർത്തനം - 4 കഥാപാത്ര നിരൂപണം**

എ.

- ചദ്രേട്ടൻ എന്ന കഥാപാത്രത്തിൻെറ സ്വഭാവ സവിശേഷതകൾ, രൂപപരമായ പ്രത്യേകതകൾ എന്നിവ കണ്ടെത്തി എഴുതിയിട്ടുണ്ട്. 1
- കഥയിലെ സ്ഥാനം തിരിച്ചറിഞ്ഞിട്ടുണ്ട്. 1
- മററുള്ളവരോടുള്ള പെരുമാറ്റം വ്യക്തമാക്കിയിട്ടുണ്ട്. 1
- കഥാപാത്രത്തെക്കുറിച്ചുള്ള തൻെറ വിലയിരുത്തൽ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. 1

**ബി.** അനുയോജ്യമായ വിശേഷണപദം ചേർത്ത് വാക്യം മാററി എഴുതിയിട്ടുണ്ട്. 1
(ഉദാ:കലങ്ങിയ, ഒഴുക്കുള്ള....)

**പ്രവർത്തനം - 5 യാത്രാവിവരണം**

എ.

- യാത്രയിലെ വിവരങ്ങളും അനുഭവങ്ങളും പരമാവധി ഉൾപ്പെടുത്തിയിട്ടുണ്ട്.
(കാലം, സ്ഥലം, സംഭവങ്ങൾ, കാഴ്ചകൾ, ശബ്ദങ്ങൾ, പരിചയപ്പെട്ട വ്യക്തികൾ, സാംസ്കാരിക പശ്ചാത്തലം) 1
- വായനക്കാരന് നേരനുഭവം നൽകുന്ന വിധത്തിലുള്ള ഭാഷ ഉപയോഗിച്ചിട്ടുണ്ട്.
(സവിശേഷ പ്രയോഗങ്ങൾ, വാങ്മയചിത്രങ്ങൾ, പൊലിപ്പിച്ചു പറയൽ). 1
- സ്വന്തമായ കാഴ്ചപ്പാട്. ചിന്ത, സാമൂഹ്യവീക്ഷണം എന്നിവ രചനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1
- അനുയോജ്യമായ തലക്കെട്ട് നൽകിയിട്ടുണ്ട്. 1

**ബി.** ഹിമാവാന്റെ മുകൾത്തട്ടിൽ. 1

**പ്രവർത്തനം - 6 ഡയറിക്കുറിപ്പ്**

- ഡയറിയുടെ ഘടന പാലിച്ചിട്ടുണ്ട് (കാലസൂചന, സംഭവങ്ങളുടെ ക്രമം, .....). 1
- പ്രസ്തുത ദിവസത്തെ അനുഭവങ്ങൾ, കണ്ടുമുട്ടിയ വ്യക്തികൾ, പ്രദേശത്തിന്റെ പ്രത്യേകതകൾ, മനസ്സിലുണ്ടായ ചിന്തകൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. 2
- എഴുത്തുകാരിയുടെ മനസ്സിലെ വൈകാരിക ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്ന ഭാഷാശൈലി, സവിശേഷ പ്രയോഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. 1
- സംഭവങ്ങളെ സ്വയം നിശ്ചയിച്ച് മുൻഗണനയോടെ ആത്മാംശം ഉൾക്കൊണ്ട് ആകർഷകമായി ചുരുക്കി എഴുതിയിട്ടുണ്ട്. 1